



നിര്യാതനായി

Rev. Fr. Dr. ഫ്രാൻസീസ് വിനീത് വടക്കേത്തല CMI (86)

ജനനം : 15.05.1935 മരണം : 30.05.2021

Obituary in *Deepika Daily* (31 May 2021)

തൃശ്ശൂർ: കോയമ്പത്തൂർ സി.എം.ഐ. പ്രേഷിത പ്രവിശ്യാംഗമായ ആചാര്യ ബഹുമാനപ്പെട്ട ഫാ. ഫ്രാൻസീസ്സ് വടക്കേത്തല (86) നിര്യാതനായി. തൃശ്ശൂർ അതിരൂപതയിലെ കണ്ടശ്ശാംകടവ് ഫൊറോന സെൻറ്. മേരീസ് ഇടവക വടക്കേത്തല ലോന താണ്ടമ്മ ദമ്പതികളുടെ ഒൻപതു മക്കളിൽ നാലാമനായിരുന്നു ഫാ. വിനീത്. അദ്ദേഹത്തിൻെറ നാല് സഹോദരിമാരും സന്യാസിനികളാണ്. പാലക്കാട് ഭാരതമാതാ ആശ്രമാംഗമാണ് ഫാ. വിനീത്. സ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1950ൽ സി.എം.ഐ. സഭയുടെ എൽത്തുരുത്ത് പരിശീലന ഭവനത്തിൽ ചേർന്നു. 1953–ൽ നവസന്യാസ പരിശീലനം പൂർത്തിയാക്കി ആദ്യവ്രതം അനുഷ്ഠിച്ചു. സി.എം.ഐ. സഭയുടെ ആദ്യപഠനഗൃഹമായ ചെത്തിപുഴ, ധർമ്മാരാം എന്നിവിടങ്ങളിൽ നിന്ന് തത്വശാസ്ത്രവും, ദൈവശാസ്ത്രവും പഠിച്ചതിനുശേഷം 1960–ൽ ആർച്ച് ബിഷപ്പ് ജോസഫ് പാറേക്കാട്ടിൽ നിന്നും ധർമ്മാരാമിൽ വച്ച് തിരുപ്പട്ടം സീകരിച്ച് പുരോഹിതനായി അഭിഷിക്തനായി. തിരുപ്പട്ടത്തിനുശേഷം തത്വശാസ്ത്രത്തിലും, ദൈവശാസ്ത്രത്തിലും യഥാക്രമം റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി, ഇംഗ്ലണ്ടിലെ ഓക്സ്ഫോഡ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്നും ബിരുദാനന്തരബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കി. അതിനുശേഷം  സി.എം.ഐ. സഭയുടെ പ്രധാന പഠനഗൃഹമായ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ 35 വർഷത്തോളം വിദ്യാക്ഷേത്രം പ്രസിഡൻറ്, ഫിലോസഫി ഡീൻ, അധ്യാപകൻ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനങ്ങൾ കാഴ്ചവെച്ചു. ബാംഗ്ലൂർ വിദ്യാവനം ആശ്രമസ്ഥാപക ഡയറക്ടറാണ്. തത്വശാസ്ത്ര ദൈവശാസ്ത്രമേഖലകളിൽ ഭാരതവൽക്കരണ രംഗത്ത് തനതായ സംഭാവനകൾ നല്കിയിട്ടുണ്ട്. ധ്യാനപ്രസംഗകൻ, ഗ്രന്ഥകാരൻ, കവി, സംസ്കൃതപണ്ഡിതൻ തുടങ്ങി നിരവധി മേഖലകളിൽ തൻെറ വ്യക്തിമുദ്ര പതിപ്പിച്ചു. പരേതരായ സി. ജോവിന എ.സി., ശ്രീ ജോസ് വി. ജെ., സി. സിസിലി സി.എച്ച്.എഫ്., ശ്രീ ബേബി വി. ജെ. എന്നിവരും, സി. മേരി വിനീത എ.സി., സി. കരുണ (Sisters of John the Baptist), ശ്രീ തോമസ് ജോൺ, ശ്രീ വിൻസൻറ് വി. ജെ. എന്നിവരും പരേതൻെറ സഹോദരങ്ങളാണ്. കർത്താവിൻെറ മുന്തിരിത്തോപ്പിൽ അഹോരാത്രം അധ്വാനിച്ച ആചാര്യ ബഹുമാനപ്പെട്ട ഫാ. ഫ്രാൻസീസ്സ് വിനീത് അച്ചന് കോയമ്പത്തൂർ സി.എം.ഐ. പ്രേഷിത പ്രവിശ്യയുടെ പ്രാർത്ഥനാഞ്ജലികൾ!